പേരിൽ ചൂണ്ടിക്കാണിക്കുകയാണ്. പ്രധാന ഓഫീസുകളിൽ ഉപയോഗിക്കുന്ന മെറ്റൽ സീലുകൾക്ക് തേയ്മാനം സംഭവിച്ചതുകൊണ്ടും ശരിയായ മഷിയും അനുയോജ്യമായ ബോർഡും ഉപയോഗിക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് പരിഹരിക്കാൻ പ്രധാനപ്പെട്ട പല ഓഫീസുകൾക്കും പുതിയ സീലും മഷിയും ബോർഡും നൽകുവാൻ സ്റ്റേഷനറി കൺട്രോളർക്ക് നിർദ്ദേശം നൽകുവാനും സീലുകൾ നന്നായി പരിശോധിക്കണം എന്ന നിർദ്ദേശം എല്ലാ ബന്ധപ്പെട്ട ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിനും നൽകുവാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സീലും പുതിയ ബോർഡുകളും എല്ലാം നൽകാൻ ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

(3) കരിങ്കൽ ക്വാറികളുടെ നടത്തിപ്പിൽ വിവിധ വകുപ്പുകളുടെ അന്യായമായ ഇടപെടൽ

ശ്രീ. സാജു പോൾ: സർ, നമ്മുടെ വികസന രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന ആയിരക്കണക്കിന് കരിങ്കൽ ക്വാറികളിലെ രണ്ടുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയിൽ കൃത്യമായ നിബന്ധനകൾ ഇല്ലാത്തതുമൂലം റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി തുടങ്ങിയ വകുപ്പുകൾ ഈ മേഖലയെ വലിയ കറവപ്പശുവാക്കി മാറ്റിയിരിക്കുകയാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്യാൻ പ്രധാനമന്ത്രി വരുന്നു എന്നു പറഞ്ഞ് പാറമടകളിലെ പണി നിർത്തി വയ്പ്പിച്ചു. അതുപോലെ എല്ലാ ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും വലിയ പിരിവാണ്. പോലീസ് ഓഫീസർമാർ ഇപ്പോൾ പാറമടകൾ തേടിയിറങ്ങുകയാണ്. അതുകൊണ്ട് ഉദ്യോഗസ്ഥപീഡനം ഇല്ലാത്ത നിലയിൽ ലളിതമായ വ്യവസ്ഥകളോടെ ക്വാറികൾക്ക് ലൈസൻസ് നൽകാനും വളരെ അപകടം പിടിച്ച ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലിയും സുരക്ഷിതത്വ സംവിധാനങ്ങളും ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ വളരെ വിനീതമായി അപേക്ഷിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വളരെ അപകടം പിടിച്ച ഒരു പണി തന്നെയാണിത്. അപ്പോൾ ഈ മേഖലയെ അനിയന്ത്രിതമായി വിട്ടാൽ അവർക്ക് തന്നെ ചില അപകടങ്ങൾ വരും. ചില നിയന്ത്രണങ്ങളൊക്കെ ആവശ്യമാണ്. പക്ഷേ ഈ പറഞ്ഞ രീതിയിൽ high-handedness വരാതിരിക്കാൻവേണ്ടിയുള്ള നടപടി ഗവൺമെന്റ് എടുക്കാം.

(4) വർക്കല ടൂറിസം മാസ്റ്റർ പ്ലാനിന് ഭരണാനുമതി നൽകണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ: സർ, ലോകത്തിലെ 10 പറുദീസകളിൽ ഒന്നാണ് കേരളം എന്നാണ് നാഷണൽ ജിയോഗ്രഫിക്കൽ ട്രാവലർ കേരളത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. കേരളം പറുദീസയാണെങ്കിൽ വർക്കല അതിന്റെ പൂന്തോട്ടമാണ്. കന്യകത്വം നിറഞ്ഞു നിൽക്കുന്ന മനോഹരമായ കടൽതീരവും കായൽതീരവും ഇളം ചുവപ്പു നിറത്തിലുള്ള പട്ടുടയാട ചുടിപ്പുതച്ച് തലയുയർത്തി നിൽക്കുന്ന പാപനാശം കുന്നുകളും ഔഷധവീര്യമുള്ള ജലസ്രോതസ്സുകളും പുണ്യതീർത്ഥങ്ങളും കണ്വമുനി തപസ്സിരുന്നുവെന്ന് കരുതപ്പെടുന്ന കണ്വാശ്രമവും പൗരാണിക സാങ്കേതികവിദ്യ വിസ്മയമായി കരുതപ്പെടുന്ന തുരങ്കങ്ങളും വർക്കലയ്ക്കുതുല്യം വർക്കല മാത്രമാണെന്ന് കരുതപ്പെടാൻ കാരണങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജനാർദ്ദനൻ വാഴുന്ന പാപനാശവും ഗുരുദേവൻ നിദ്രകൊള്ളുന്ന ശിവഗിരിയും വർക്കല യിലാണ്. പ്രകൃതി വരദാനമായി നൽകിയ ഈ വിഭവ സമൃദ്ധി പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഒന്നര വർഷത്തിനു മുമ്പ് വർക്കലയ്ക്കുവേണ്ടി ഒരു ടൂറിസം മാസ്റ്റർ പ്ലാൻ രൂപം കൊണ്ടെങ്കിലും അത് പിന്നെ വെളിച്ചം കണ്ടില്ല. ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ അതിനെ അട്ടിമറിക്കുകയുണ്ടായി. അത് പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഈ മാസ്റ്റർ പ്ലാൻ ഘട്ടംഘട്ടമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരി ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ വർക്കല, കോവളം തുടങ്ങിയ സ്ഥലങ്ങളെ Tourism Destination Centre-ന്റെ പരിധിയിൽ ഉൾപ്പെടുത്തി അതിന്റെ വികസനം സാദ്ധ്യമാക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞിരുന്നു. അതും സാധുതപ്രായമായില്ല. സർക്കാർ ഈ നടപടികൾ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): കേരളത്തിലെ പ്രധാനപ്പെട്ട ഒരു ടൂറിസം സെന്ററാക്കി വർക്കലയെ വികസിപ്പിച്ചെടുത്തിരി ക്കുകയാണ്. അതിനുവേണ്ടി ടൂറിസം ഡിപ്പാർട്ടുമെന്റ് NATPAC വഴി മാസ്റ്റർ പ്ലാൻ തയ്യാ റാക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പു സെക്രട്ടറിയെ അതിന്റെ ചെയർമാനായി നിയമി ക്കുകയും ചെയ്തിട്ടുണ്ട്. താഴ്പ്പറയുന്ന പ്രധാനപ്പെട്ട പദ്ധതികൾ കഴിഞ്ഞ ചുരുങ്ങിയ നാളുകൾക്കുള്ളിൽ നടപ്പിലാക്കിയിട്ടുണ്ട്. വർക്കല പാർക്കിംഗ് സൗകര്യവും ടോയ്‌ലറ്റ് നിർമ്മാണവും 50 ലക്ഷം രൂപ, വർക്കല ഖര-ദ്രാവക മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് 50 ലക്ഷം രൂപ, പൊതുസ്ഥല ശുചീകരണ പദ്ധതി 50 ലക്ഷം രൂപ. വരുന്ന 21-ാം തീയതി 18 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തിയാക്കുന്ന Amenity Centre ഗസ്റ്റ് ഹൗസ് കോംപ്ലക്സിൽ ആരംഭിക്കുകയാണ്. മാസ്റ്റർ പ്ലാനിന്റെ ഡിസ്ക്കഷൻ നാളെ തിരുവനന്തപുരത്ത് നടക്കുകയാണ്. ടി. എസ്. കനാൽ സഞ്ചാരയോഗ്യമാക്കുന്നതിനുവേണ്ടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ടൂറിസം ഡിപ്പാർട്ടുമെന്റും സംയുക്തമായി ഒരു പ്രോജക്ട് ഉണ്ടാക്കി യിട്ടുണ്ട്. വർക്കല പാപനാശം ബീച്ചിൽ 25 ലക്ഷം രൂപ ചെലവഴിച്ച് ഒരു High mask light സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു ഹാച്ചറി, Modern hatchery ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് ആരംഭിച്ചിട്ടുള്ളത്. കാപ്പിൽബോട്ട് ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിച്ചു. 14 സഫാരി ബോട്ടുകളും 20 ലക്ഷം രൂപയുടെ ഒരു വികസന പ്രവർത്തനവും അവിടെ നടക്കുന്നുണ്ട്. വർക്കല ക്ലിഫ്, പാപനാശം എന്നിവിട ങ്ങളിൽ ഡി.ടി.പി.സി.യുടെ നേതൃത്വത്തിൽ 16 ലക്ഷം രൂപ ചെലവഴിച്ച് സോളാർ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗവുമായും അവിടത്തെ പ്രതിനിധി കളുമായും സംസാരിച്ചുകൊണ്ട് കൂടുതൽ വിപുലമായ പരിപാടികൾക്ക് രൂപം നൽകുന്നതാണ്.

(5) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാൻസർ കെയർ സെന്റർ ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. രാധാകൃഷ്ണൻ: തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. ഓരോ ദിവസവും 100 കണക്കിന് രോഗികൾ റീജിയണൽ കാൻസർ സെന്ററിൽ വന്നുകൊണ്ടിരിക്കുകയാണ്. അവർക്ക് ഇവിടെ വരുന്നതിന് വലിയ ഭാരിച്ച ചെലവാണ് വന്നുകൊണ്ടിരിക്കുന്നത്. യാത്രാചെലവിനും അതുപോലെ താമസത്തിനും ചികിത്സയ്ക്കുമായി ഒരുപാട് പൈസ ചെലവാകുന്നുണ്ട്. അതിന് ഒരു പരിഹാരമുണ്ടാ കണമെങ്കിൽ റീജിയണൽ കാൻസർ സെന്ററിന്റെ സഹകരണത്തോടുകൂടി തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly